# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1207** **12.06.2014 ൽ മറുപടിക്ക്**

## സപ്ലൈകോ ഔട്ട്‌ലെറ്റുകളിലെ സബ്സിഡി സാധനങ്ങളുടെ ദൗർലഭ്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | സപ്ലൈകോ ഔട്ട്‌ലെറ്റുകളിൽ സബ്സിഡി സാധനങ്ങൾക്ക് വൻ ദൗർലഭ്യം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില മാവേലി സ്റ്റോറുകളിലെ സ്ഥലപരിമിതി മൂലവും ചരക്ക് നീക്കത്തിൽ വരുന്ന ചില പ്രായോഗികമായ കാരണങ്ങൾ കൊണ്ടും അപൂർവ്വം ചില അവസരങ്ങളിൽ അവശ്യ സാധനങ്ങളുടെ ദൗർലഭ്യം ഉണ്ടാകാറുണ്ട്. |
| (ബി) | കൺസ്യൂമർഫെഡ് സബ്സിഡി പേരിനു മാത്രമായി ചുരുക്കിയതു മൂലം വിപണിയിൽ വൻ വിലവർദ്ധനവ് അനുഭവപ്പെടുന്നത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | കരാറുകാരുടെ തിരിമറികളെയും തട്ടിപ്പുകളെയും കുറിച്ചുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്നറിയിക്കുമോ? | (സി) | പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത സംവിധാനത്തിലൂടെയാണ് അവശ്യ സാധനങ്ങൾ വാങ്ങുന്നത്. തന്മൂലം കരാറുകാർക്ക് സപ്ലൈകോയുടെ ഇ-ടെണ്ടർ സംവിധാനത്തിൽ ഇടപെട്ട് തിരിമറി ഒന്നും നടത്താൻ സാധിക്കില്ല. കർണ്ണാടക സർക്കാർ സ്ഥാപനമായ KEONICS ന്റെ സെൻട്രൽ വിജിലൻസ് കമ്മീഷന്റെ നിബന്ധനകൾക്ക് വിധേയമാണ് സപ്ലൈകോയുടെ ഇ-ടെണ്ടർ സംവിധാനം. അവശ്യ സാധനങ്ങളുടെ വാങ്ങൽ പ്രക്രിയ പൂർണ്ണമായും സുതാര്യമായും കുറ്റമറ്റ രീതിയിലുമാണ് നടന്നുവരുന്നത്.<br>2005 ഫെബ്രുവരി മുതൽ നടപ്പിലാക്കിയ ഇ - ടെണ്ടർ സംവിധാനം മുഖേനയാണ് ഭക്ഷ്യധാന്യങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ സംഭരിക്കുന്നത്. വളരെ സുതാര്യവും അഴിമതി രഹിതവുമായ സംവിധാനമാണ് ഇ-ടെണ്ടർ. ഇതുവഴി ഉൽപ്പാദകർക്കും വിതരണക്കാർക്കും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ എറണാകുളത്തുള്ള കാര്യാലയത്തിൽ വരാതെ അവരവരുടെ കേന്ദ്രങ്ങളിൽ നിന്നു തന്നെ ഇ - ടെണ്ടറിൽ പങ്കെടുക്കുവാൻ സാധിക്കും. |

Beena

**സെക്ഷൻ ഓഫീസർ**